# പണം കൊടുക്കുമ്പോഴും വാങ്ങുമ്പോഴും

**by Indian Scientists Response to Covid**
https://indscicov.in/

IndSciCovid



രൂപാ നോട്ടുകൾ പലതരം കീടാണുക്കളുടെയും വാഹകർ എന്ന നിലയിൽ കുപ്രസിദ്ധമാണ്. രൂപാ നോട്ടുകൾക്കും നാണയത്തുട്ടുകൾക്കും കോറോണവൈറസ്സുകളെ വഹിക്കാൻ കഴിയുമോ? എ ടി എം ന്റെ കീബോർഡ്, സ്ക്രീൻ മുതലായവയിലോ, കണക്കു ബുക്കുകളിലോ , ബാർകോഡ് വായനോപകാരണങ്ങളിലോ വൈറസുകൾ കാണുമോ? എ ടി എം ലും മറ്റുസ്ഥലങ്ങളിലും ഉപയോഗിക്കുന്ന കാർഡിലോ? ഈ പ്രതലങ്ങളിൽ എല്ലാം തന്നെ വൈറസുകൾ ഉണ്ടാകുവാനുള്ള സാധ്യത ഉണ്ട് ! പണമിടപാടുകൾ നടത്തുമ്പോൾ കൊറോണ വൈറസ് പിടിപെടാനുള്ള സാധ്യത കുറയ്ക്കാൻ ചില വഴികൾ ഇവിടെ ചേർക്കുന്നു.

### കൊറോണ വൈറസിന് രൂപാ നോട്ടുകളിലും നാണയങ്ങളിലും കാർഡുകളിലും നിലനിൽക്കാൻ കഴിയുമോ?

ലോകത്തെമ്പാടുമുള്ള രൂപാനോട്ടുകൾ പലതരം രോഗാണുക്കളുടെ വാഹകരാണ് എന്നുള്ളത് പൊതുവെ അറിവുള്ള കാര്യമാണ്. ഇവയിൽ മുഖ്യമായത് ഇ.കോളി എന്ന അന്നനാളത്തെ ബാധിക്കുന്ന ഒരു തരം ബാക്ടീരിയ ആണെന്നാണ് കാണപ്പെടുന്നത്. (ഇവയുടെ ചില ഇനങ്ങൾ നമുക്ക് അതിസാരം ഉണ്ടാക്കും.) കൂടുതൽ ഹാനികരവും ആന്റിബയോട്ടിക്കിനെതിരെ പ്രതിരോധശക്തി ഉള്ളതുമായ ബാക്റ്റീരിയകളും നോട്ടുകളിൽ കാണാറുണ്ട്. മിക്കവാറും ഇവ പൊതു ആരോഗ്യത്തിനു വലിയ തോതിൽ ഭീഷണി ഉണ്ടാക്കുന്നില്ല. പക്ഷെ, കോവിഡ് - 19 മഹാമാരിയുടെ സമയത്തു, പണമിടപാടുകൾ ചെയ്യുമ്പോൾ നിങ്ങൾപ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

അടുത്ത കാലത്തു നടന്ന ഒരു പഠനമനുസരിച് കൊറോണ വൈറസുകൾ രൂപാ നോട്ടുകളിൽ മുന്ന് ദിവസങ്ങളോളം നിലനിൽക്കുമത്രേ. ഈ വൈറസുകൾ നാണയങ്ങളിലും അത്രതന്നെ സമയം നിലനിന്നേക്കാം. പ്ലാസ്റ്റിക്കിനാൽ നിർമ്മിതമായ ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകളും വൈറസുകൾ വഹിക്കാൻ സാധ്യത ഉണ്ട്. 'ക്യാഷ്ലെസ്സ്' പണമിടപാടുകൾക്കായി ഉപയോഗിക്കുന്ന കീപാഡുകൾ, മൊബൈൽ ഫോണിന്റെ സ്ക്രീനുകൾ എന്നിവയിലും വൈറസുകൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്.






## പൊതു മാർഗ്ഗനിർദ്ദേശങ്ങൾ



വീടിന്  പുറത്തുപോകുമ്പോൾ  മുഖാവരണം ധരിക്കുക, മുഖത്ത് സ്പര്ശിക്കാതിരിക്കുക, മറ്റുള്ളവരിൽ നിന്ന് 1 - 2 മീറ്റർ ശാരീരിക അകലം നിലനിർത്തുക എന്നീ നിർദ്ദേശങ്ങൾ എന്തായാലും പാലിക്കേണ്ടതുണ്ട്.

കച്ചവടക്കാരൻ അല്ലെങ്കിൽ സാധനങ്ങൾ എടുത്തു കൊടുക്കുന്ന വ്യക്തി ആണെങ്കിൽ ഇടയ്ക്കിടെ സോപ്പും വെള്ളവുമുപയോഗിച്ചു കൈ കഴുകുക, അല്ലെങ്കിൽ ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുക.

പണമോ കാർഡോ ആയി ബന്ധപ്പെട്ട മെഷീനുകൾ പ്രവർത്തിപ്പിക്കാൻനിങ്ങൾക്ക് വിരളമായി ഉപയോഗിക്കപ്പെടുന്ന വിരലുകൾ ഉപയോഗിക്കാവുന്നതാണ് .




എ ടി എം ക്യാഷ്  രജിസ്റ്റർ മുതലായ സംവിധാനങ്ങളിലെ ബട്ടണുകൾ അമർത്താൻ  സാധാരണ ഉപയോഗിക്കാത്ത കൈയോ   ( ഉദാഹരണമായി വലം കൈയ്യർ  ഇടം കൈയും, മറിച്ചും) ആ കൈയിലെ തന്നെ പതിവായി ഉപയോഗിക്കാത്ത  (ഉദാഹരണമായി  ചുണ്ടു വിരലിന് പകരം മോതിര വിരൽ)  വിരലുകളോ ഉപയോഗിക്കാവുന്നതാണ്. അങ്ങേയറ്റം അത്യാവശ്യമല്ലെങ്കിൽ ബാങ്ക് സന്ദർശനം ഒഴിവാക്കാൻ ശ്രമിക്കുക. ബാങ്കുദ്യോഗസ്ഥരുടെയും  മറ്റു ഉപഭോക്താക്കളുടെയും പരിരക്ഷക്കു വേണ്ടിയാണിത്. കഴിയുന്നിടത്തോളം ഫോൺ വഴിയോ അല്ലെങ്കിൽ  ഓൺലൈൻ  മാർഗ്ഗമോ  പണമിടപാടുകൾ നടത്തുക.



മറ്റെല്ലാറ്റിനുമുപരിയായി പണമിടപാടുകൾക്കായി ക്യാഷ്, പ്ലാസ്റ്റിക് കാർഡുകൾ, അല്ലെങ്കിൽ ഫോൺ ഉപയോഗിച്ച ശേഷം  പ്രത്യേകം ശ്രദ്ധിക്കേണ്ട  ഒരു കാര്യമുണ്ട് -   നിങ്ങൾസോപ്പും വെള്ളവുമുപയോഗിച്ചു കൈകൾ കഴുകുന്നതിനു മുൻപ് മുഖത്ത് (കണ്ണ്, മൂക്ക്, വായ) സ്പര്ശിക്കാതിരിക്കുക.

## എ ടി എം ൽ നിന്ന് പണം എടുക്കുമ്പോഴും ബാങ്കിൽ പണം അടയ്ക്കുമ്പോഴും.



മറ്റാരും അകത്തില്ലെങ്കിൽ മാത്രം എ ടി എം ബൂത്തിനകത്തു  പ്രവേശിക്കുക. പറ്റുമെങ്കിൽ അകത്തു കയറാനുള്ള  കതക്, കൈ മുട്ട് , തോൾ അല്ലെങ്കിൽ കാലുപയോഗിച്ചു തള്ളി തുറക്കുക. ബൂത്തിനക്കതു കയറിയ ശേഷം അത്യാവശ്യമല്ലാത്ത പ്രതലങ്ങളിൽ സ്പർശിക്കാതിരിക്കുക. സാധിക്കുമെങ്കിൽ, എ ടി എം ഉപയോഗത്തിന് മുൻപും പിൻപും ഹാൻഡ് സെന്സിറ്റീസെർ ഉപയോഗിക്കുക. സാധാരണ ഉപയോഗിക്കാത്ത വിരലുകൾ കൊണ്ട്  എ ടി എം പ്രവർത്തിപ്പിക്കുക. എ ടി എം  ഉപയോഗിക്കുന്നതിന് മുൻപും ശേഷവും, വേണമെങ്കിൽ ഒരു ടിഷ്യു പേപ്പറും സാനിറ്റൈസറും  (70% ഐസോപ്റോപ്പിൽ അൽക്കോഹോൾ അടങ്ങിയത്) ഉപയോഗിച്ച് എ ടി എം ലെ ബട്ടണുകൾ തുടയ്ക്കാം. (ഇപ്രകാരം ഉപയോഗിച്ച ടിഷ്യു പേപ്പർ ഒരു കവറിലോ ബാഗിലോ ഇട്ടു  വീട്ടിൽ തിരിച്ചു കൊണ്ടുവന്നു വേണ്ടവിധം നിർമാർജ്ജനം ചെയ്യാൻ ശ്രദ്ധിക്കണം.)




ബാങ്കിൽ പോകേണ്ടത് അത്യാവശ്യമാണെങ്കിൽ മുഖാവരണം ധരിക്കുക, 1- 2 മീറ്റർ ശാരീരിക അകലം പാലിക്കുക തുടങ്ങിയ പൊതു നിർദ്ദേശങ്ങൾ പാലിക്കുക. എല്ലാ ഇടപാടുകൾക്ക് മുൻപും ശേഷവും ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുവാൻ ശ്രമിക്കുക.

Image credits:
Ken Rinaldo, WHO, Unslpash, Sayantan, Indian News Express, Rabin,Shreya Dimri

## **രൊക്കം പണമിടപാടുകൾ**



കച്ചവടക്കാരൻ അല്ലെങ്കിൽ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്ന ആൾ എന്ന നിലയിൽ നിങ്ങൾ മറ്റു ജനങ്ങളെക്കാൾ വളരെ അധികം പണം കൈകാര്യം ചെയ്യുന്നുണ്ടാവും. അതുകൊണ്ടു ഒരു കുപ്പി സോപ്പു വെള്ളവും കൈകഴുകാനുള്ള വെള്ളവും കരുതുന്നത് നന്നായിരിക്കും. ഒരു കുപ്പി വെള്ളത്തിൽ ഒരു കഷ്ണം സോപ്പ് ചേർത്ത് അലിയിച്ചാൽ സോപ്പ് വെള്ളമുണ്ടാക്കാം. ഈ ലായനി ഉപയോഗിച്ച്, കൈകൾ കൂട്ടിത്തിരുമ്മി നന്നായി പതപ്പിച്ചു കഴുകിയ ശേഷം ഒരു തൂവാല കൊണ്ട് തുടച്ചു കളയുക. സാനിറ്റൈസർ ഉപയോഗിച്ച് നിശ്ചിത ഇടവേളകളിൽ കൈകൾ വൃത്തിയാക്കിയാലും മതി. പണം നിക്ഷേപിക്കുന്നതിനായി സോപ്പുകൊണ്ടോ സാനിറ്റൈസർ കൊണ്ടോ തുടച്ചുവൃത്തിയാക്കാവുന്ന വേറിട്ടൊരു പെട്ടി അല്ലെങ്കിൽ ബാഗ് കരുതുക.

ഉപഭോക്താവെന്ന നിലയിൽ പണം കൈകാര്യം ചെയ്ത ഉടൻ, പ്രത്യേകിച്ചു മുഖത്ത് സ്പർശിക്കുന്നതിനു മുൻപ്, കൈകൾ സോപ്പുകൊണ്ടോ സാനിറ്റൈസർ കൊണ്ടോ വൃത്തിയാക്കി എന്ന് ഉറപ്പു വരുത്തുക. വീട്ടിൽ പേഴ്സ്, പൈസ മുതലായവ ഒരു നിശ്ചിത സ്ഥലത്തു വയ്ക്കുക.



നോട്ടുകളും നാണയങ്ങളും കഴുകണമെങ്കിൽ അവ സോപ്പുപയോഗിച്ചു കഴുകാം - അതിനു ശേഷം അവ ഫാനിന്റെ ചുവട്ടിലോ വെയിലത്തോ വച്ച് ഉണക്കാം. നോട്ടുകൾക്കു ഈ പ്രയോഗം താങ്ങാൻ കഴിയും, ഒരുപാടു തേയ്ക്കുകയോ നേരിട്ട് തിയിലോ അടുപ്പത്തോ ഉണക്കരുതെന്നു മാത്രം!

## **പണപ്പെട്ടികൾ, എണ്ണൽ യന്ത്രങ്ങൾ / കാർഡ് മഷിനുകൾ**




കച്ചവടക്കാരൻ അല്ലെങ്കിൽ കാഷ്യർ എന്ന നിലയിൽ ഇടയ്ക്കിടെ സോപ്പോ ഹാൻഡ് സാനിറ്റൈസറോ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുക. കച്ചവട സമയത്തു്, ഇടയ്ക്കിടെ പണപെട്ടികൾ, ക്യാഷ് രെജിസ്റ്ററുകൾ, കാർഡ് റീഡറുകൾ, നോട്ട് എണ്ണൽ യന്ത്രം എന്നിവ സോപ്പ് വെള്ളത്തിൽ മുക്കിയ തുണികൊണ്ടോ, ഹാൻഡ് സാനിറ്റൈസർ (70% ഐസോപ്റോപ്പിൽ അൽക്കോഹോൾ അടങ്ങിയത്) കൊണ്ടോ തുടച്ചു വൃത്തിയാക്കുക. ക്യാഷ് കൗണ്ടറിലെ ജീവനക്കാരൻ മാറി വേറെ ഒരാൾ ജോലി ഏറ്റെടുക്കുകയാണെങ്കിൽ ഉപകരണങ്ങളെല്ലാം തുടച്ചുവൃത്തിയാക്കിയ ശേഷം അടുത്ത ആൾക്കു ജോലി കൈമാറാം. (ഉപകരണങ്ങൾ വൃത്തിയാക്കുമ്പോൾ അവ കേടുപാടുകൂടാതെ സൂക്ഷിക്കാൻ നിർമ്മാതാവ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കുക.)

കാർഡ് മെഷീനുകളും പണമിടപാടുകൾക്കുപയോഗിക്കുന്ന മറ്റെല്ലാ ഉപകരണങ്ങളും സ്ക്രീനുകളും സാധാരണ ഉപയോഗത്തിലില്ലാത്ത വിരലുകളുപയോഗിച്ചു പ്രവർത്തിപ്പിക്കുക. വേണമെങ്കിൽ കാർഡുകൾ സോപ്പുവെള്ളത്തിൽ മുക്കിപ്പിഴിഞ്ഞ തുണി അല്ലെങ്കിൽ ഹാൻഡ് സെനസിറ്റീസെർ ഉപയോഗിച്ച് തുടയ്ക്കാം, എന്നാൽ അധികം ഉരയ്ക്കാതെ ശ്രദ്ധിക്കേണ്ടതാണ്. കാന്തിക നാട വൃത്തിയാക്കാൻ പെൻസില് റബർ ഉപയോഗിക്കാം- ഇത് അവയ്ക്കു കേടു വരുത്തുകയില്ല.




## **ഫോൺവഴിയുള്ള പണമിടപാടുകൾ**

മൊബൈൽ ഫോൺ ഉപയോഗിച്ച് ഓൺലൈൻ പണമിടപാടുകൾ ചെയ്യുകയാണെങ്കിൽ അത് കഴിഞ്ഞ ഉടനെയോ (വീട്ടിൽ തിരിച്ചെത്തുമ്പോഴോ) ഫോൺ ഹാൻഡ് സാനിറ്റൈസർ (70% ഐസോപ്റോപ്പിൽ അൽക്കോഹോൾ അടങ്ങിയത്) ഉപയോഗിച്ച് വൃത്തിയാക്കുക.